ന്മാരെ പൈശാചികശക്തികളിൽനിന്നും രക്ഷിക്കൽ. സമ്പത്ത് വർദ്ധിപ്പിക്കൽ. ഫലവൃക്ഷങ്ങളുടെയും വിത്തുകളുടെയും സംരക്ഷണം, ആത്മാക്കളെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകൽ. അന്ധകാരത്തോടും ദുഷ്ടതയോടുമുള്ള പോരാട്ടം.

നാനാവശത്തേക്കും പ്രകാശം പ്രചരിപ്പിക്കുന്ന സൂര്യൻ ശിരസ്സിനു പരിവേഷം ചാർത്തുന്ന രൂപത്തിലാണ് മിത്രയെ ചിത്രീകരിച്ചിരിക്കുന്നത്. സർവ്വശക്തനായ അഹ്ദറ-മാസ്ദയുടെ അവതാരമാണ് മിത്ര എന്നും മിത്ര എന്ന സർവ്വശക്തന്റെ അവതാരമാണ് അഹ്ദറ-മാസ്ദ എന്നും വിശ്വാസികൾ കരുതുന്നു. അതായത് പിതാവും പുത്രനും ഒന്നാകുന്നു എന്ന വിശ്വാസം. ഇന്ത്യ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ, പേർഷ്യ, ഏഷ്യാ മൈനർ, റോമാസാമ്രാജ്യം എന്നിങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മിത്രയുടെ ആരാധന നിലനിന്നിരുന്നു.

അമലോത്ഭവയും നിത്യകന്യകയുമായ നിത്യ അനന്തതയുടെ മൂർത്തീകരണമായ അനഹിതയിൽനിന്നാണ് മിത്രജന്മമെടുക്കുന്നത്. പേർഷ്യൻ വിശ്വാസത്തിലെ പിതാവും പുത്രനും - അഹ്ദറ-മാസ്ദയും മിത്രയും - പുത്രനു ജന്മം നൽകിയ നിത്യകന്യകയും സൊറാസ്റ്ററുടെ വിശ്വാസത്തിൽ കാണുന്ന ചിറകു വിരിച്ച ദൈവവും ചേർന്ന് പിതാവ്, പുത്രൻ, പരിശുദ്ധറൂഹ, പുത്രന്റെ അമ്മ ദൈവമാതാവ് എന്നീ ക്രിസ്ത്യൻ ദേവഗണത്തിന് രൂപം നൽകി. പൂർണ്ണസൂര്യനെ പ്രതിനിധീകരിക്കുന്ന മിത്ര ജനിച്ചത് ഗുഹയിലാണ്. പുതിയനിയമത്തിലെ ദൈവപുത്രന്റെ ജനനകഥയിൽ പുത്രൻ ജനിക്കുന്നതും ഗുഹയിലാണ്. സുവിശേഷകാരന്മാർ പുരാണങ്ങൾ അതേപടി പകർത്തിയിരിക്കുകയാണിവിടെ.

ഋഗ്വേദത്തിൽ മിത്രയേയും വരുണനേയും ആദിത്യദൈവങ്ങളുടെ ഗണത്തിൽ കീർത്തിക്കുന്നു. ഋഗ്വേദത്തിലെ കീർത്തനങ്ങൾ മിത്രയേയും വരുണനേയും ഒരേപോലെ സ്തുതിക്കുന്നു. വരുണനെ കൂടാതെ മിത്രയെ മാത്രം സ്തുതിക്കുന്ന ഭാഗം തീർത്തും ശുഷ്കമാണ്. മിത്രയും വരുണനും പ്രകാശത്തിന്റെ ഉറവിടങ്ങളാണ്; അവർ തന്നെയാണ് പ്രപഞ്ചത്തിന്റെ ക്രമവും താളവും പരിപാലിക്കുന്നതും.

ഭൂമിയിലെ ജീവന്റെ കാരണഹേതുവായ സൂര്യന്റെ ഉറവിടവും മിത്രയാണ്. സൂര്യനമസ്കാരം മിത്രാരാധനയുടെ ഭാഗം തന്നെയാണ്. പുരാതന കാലം മുതൽക്കേ വളരെ വ്യാപകമായി നിലനിന്നിരുന്ന ഒന്നാണ് സൂര്യനമസ്ക്കാരം.

ശീതകാലത്തിനുശേഷം വരുന്ന ഉത്തരായനകാലത്ത് (Winter Solstic) പകലിന്റെ ദൈർഘ്യം കൂടുന്നതിനെ സൂര്യന്റെ ജന്മവും വളർച്ചയുമായിട്ട് ബന്ധപ്പെടുത്തി വിശ്വസിച്ചിരുന്നു. മിത്ര ദൈവത്തിന്റെ ജനനത്തിന്റെ പ്രതീകമാണ് ഇത്. Unkw-_s 25þനോടുകൂടി ഉത്തരധ്രുവത്തിൽ സൂര്യൻ ശക്തി പ്രാപിക്കുന്നു. മിത്ര ദൈവത്തിന്റെ പ്രതീകമായ സൂര്യന്റെ ജനനം ഇപ്രകാരം ഘോഷിച്ചിരുന്നു. ഇലകൾ കൊണ്ട് ഉണ്ടാക്കിയ കൂടാരങ്ങളിൽനിന്നും അർദ്ധരാത്രിയിൽ കത്തിച്ച തീനാളങ്ങളുമായി ആരാധകർ ഘോഷത്തോടെ പുറത്തേക്കു വരുന്നു. "അമ്മ ദൈവം സൂര്യനെ പ്രസവിച്ചു" എന്ന് ആർത്ത് അട്ടഹസിച്ച് അവർ നൃത്തമാടുന്നു.

ആദിമക്രിസ്തുമതം, യേശു ദൈവത്തിന്റെ ജനനം ഘോഷിച്ചിരുന്നത് മാർച്ച് മാസത്തിലായിരുന്നു. യേശു ജനനകാലത്തെ കുറിച്ച് കൃത്യമായ അറിവില്ലായിരുന്നതിനാൽ പറയത്തക്ക പ്രാധാന്യവും യേശുവിന്റെ ജന്മദിനത്തിന് ഉണ്ടായിരുന്നില്ല. യഹൂദർ അല്ലാത്തവർ എല്ലാം പുറജാതികളായാണ് അറിയപ്പെട്ടിരുന്നത്. പുറജാതികൾ ക്രിസ്തുമതത്തിൽ ചേർക്കപ്പെട്ടപ്പോൾ അവരുടെ ആചാരാനുഷ്ഠാനങ്ങളും അവരോടൊപ്പം ഇങ്ങോട്ടു പകർത്തുകയുണ്ടായി. അതുകൊണ്ടു തന്നെ മിത്രദൈവത്തിന്റെ ജനനം പഴയപടി ആചരിക്കുകയും ചെയ്തുപോന്നു.

യഹൂദർക്കും യഹൂദരിൽനിന്നും രൂപം പ്രാപിച്ച ക്രിസ്തുമതവിഭാഗത്തിനും മാത്രമേ ഒരു പ്രത്യേകദൈവത്തെ മാത്രമേ ആരാധിക്കാവു എന്ന ശാഠ്യം ഉണ്ടായിരുന്നുള്ളു. ദൈവചിന്ത ഉണ്ടായിരിക്കുന്നതിനു വേണ്ടി ഏതെങ്കിലും ഒരു ദൈവത്തെ ആരാധിക്കണം എന്നൊരു നിർബന്ധം മാത്രമേ മറ്റുള്ള ദൈവവിശ്വാസികൾക്കുണ്ടായിരുന്നുള്ളു. അതിനാൽ പുറജാതി ക്രിസ്ത്യാനികളുടെ ഇടയിൽ സൂര്യനെ ആരാധിക്കുന്ന രീതി ശക്തമായി തന്നെ തുടർന്നിരുന്നു. മറ്റു ദൈവങ്ങളെ ആരാധിക്കാൻ പാടില്ല എന്നു കർക്കശമായി തന്നെ നിർബന്ധിച്ചിരുന്ന ദൈവമായിരുന്നു യഹൂദന്റെ യഹോവ. യഹോവയുടെ അസൂയയാണതെന്നു തോന്നുമെങ്കിലും ദൈവത്തിന്റെ പേരിൽ കാലക്ഷേപം നടത്തിയിരുന്നവരുടെ ആവശ്യമായിരുന്നത്.

അതിനാൽ കൗശലക്കാരായിരുന്ന ആദിമസഭാപിതാക്കന്മാർ യേശു എന്ന നീതിയിൽ സൂര്യന്റെ ജനനം സൂര്യന്റെ ജന്മദിനത്തോട് ചേർത്ത് ആഘോഷിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയും ക്രമേണ സൂര്യദൈവ(Sun God)ത്തിന്റെ ജനനദിവസം പുത്രനാം ദൈവ(Son God)ത്തിന്റെ ജന്മദിനമായി മാറ്റുകയും ചെയ്തു. കൽഗുഹയിൽ ജനിച്ച മിത്ര എന്ന സൂര്യനാം ദൈവം കൽഗുഹയിൽ ജനിച്ച യേശു ദൈവവുമായി മാറി.